ആ മഹാനായ പ്രവാചകൻ വഴി അല്ലാഹു, മനുഷ്യകുലത്തിന് ആകമാനം മാർഗദർശനമായി ഇറക്കിയ ഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. മനുഷ്യ വചനങ്ങളില്ലാത്ത ഏക ഗ്രന്ഥം. ഇന്ന് നിലവിലുള്ള വേദഗ്രന്ഥങ്ങളിൽ ദൈവീകമെന്ന് സ്വയം അവകാശപ്പെടുന്ന, ലോകാവസാനംവരേയും ഒരു മാറ്റത്തിരുത്തലുകൾക്കും കൈകടത്തലിനും വിധേയമാകാതെ ദൈവം സംരക്ഷിക്കും എന്ന് പ്രഖ്യാപിച്ച ഒരേയൊരു വേദഗ്രന്ഥം.

1400 വർഷങ്ങൾക്ക് മുൻപ് മനുഷ്യൻ സാങ്കേതികമായി ഒരു തരത്തിലും ഒരു പുരോഗതിയും കൈവരിച്ചിട്ടില്ലാത്ത ആ കാലഘട്ടത്തിൽ ഗർഭസ്ഥ ശിശുവിന്റെ വളർചയുടെ വ്യത്യസ്ഥഘട്ടങ്ങളെക്കുറിച്ചും (വി.ക്വു. 23:12–14) സൂര്യന്റെ ചലനങ്ങളെക്കുറിച്ചും (വി.ക്വു. 36:38) പ്രപഞ്ചത്തിന്റെവികാസത്തെക്കുറിച്ചും (വി.ക്വു.51:47) പ്രപഞ്ചത്തിന്റെ ഏകതയെക്കുറിച്ചും (വി.ക്വു.21:30) എന്തിന് മനുഷ്യന്റെ വിരൽത്തുമ്പിനെ(തംബ്) ക്കുറിച്ചും പോലും (വി.ക്വു.75:4) വ്യക്തമായി പരാമർശിച്ച അത്ഭുതഗ്രന്ഥം.

മുസ്‌ലീംങ്ങൾക്ക് മാത്രമായി ഇറങ്ങിയ ഗ്രന്ഥമല്ല ക്വുർആൻ. ലോകജനങ്ങൾക്ക് മാർഗദർശനമാണത്. ആ ഗ്രന്ഥത്തിലൂടെ അല്ലാഹു ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു. മരിച്ചതിന് ശേഷം നാം വീണ്ടും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമെന്നും ഒരു ദൈവീക വിചാരണ നേരിടേണ്ടിവരുമെന്നും.

സുഹൃത്തെ, ഇവിടെയുള്ള കർമങ്ങൾക്ക് പരിപൂർണമായ പ്രതിഫലം ഇവിടെ വെച്ച് തന്നെ നൽകൽ അസാദ്ധ്യമാണ്. പത്ത് ആളുകളെ കൊന്നയാൾക്കും ഒരാളെ കൊന്നയാൾക്കും കൊടുക്കാവുന്ന ഏറ്റവും വലിയ ശിക്ഷ ഒരൊറ്റ വധശിക്ഷ. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്നവരും സുഖലോലുപതയിൽ ജീവിക്കുന്നവരും ഒരു പോലെ മരിക്കുന്നു. മരിക്കുന്നതോടെ തീരുന്നതാണ് ജീവിതമെങ്കിൽ അത് ന്യായമാകുമോ? ഇല്ല. കർമങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകപ്പെടുന്ന ഒരു വേദി മനസ്സ് കൊതിക്കുന്നു. ഒരു അണുമണിത്തൂക്കം നന്മ ചെയ്തവനും ഒരു അണുമണിത്തൂക്കം തിന്മ ചെയ്തവനും അവരുടെ കർമങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകപ്പെടുന്ന ഒരു ദിവസം, (വി.ക്വു. 99:7,8) പരലോകം ശാശ്വത ജീവിതം. ഇവിടെ നന്മ ചെയ്തവർക്ക് അവിടെ സ്വർഗമുണ്ട്. തിന്മകൾ ചെയ്തവർക്ക് നരകവും.

അവിടെ രക്ഷപ്പെടുവാൻ നാം ക്വുർആൻ പരിചയപ്പെടുത്തിയ ഏറ്റവും കൊടിയപാതകമായ ബഹുദൈവത്വം വെടിയുക (വി.ക്വു. 31:13) ഏക ദൈവവിശ്വാസം ഉൾക്കൊണ്ട് ജീവിതവിജയം കൈവരിക്കുക.

സുഹൃത്തെ, ഇസ്‌ലാം കാരുണ്യമാണ്, കലാപമല്ല. തീവ്രവാദവും, ഭീകരവാദവും മതം പറയാത്തതാണ് കൊലയെക്കാൾ കടുത്തതാണ് കലാപം (വി.ക്വു. 2:191). നാം ഒരു മാതാവിന്റെയും ഒരു പിതാവിന്റെയും മക്കളാണ്. ഒന്നിലും പോരടിക്കരുത്. രക്തം ചീന്തരുത്.

സുഹൃത്തെ, ഇസ്‌ലാം ഒരാദർശമാണ്. സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിനുള്ള പരിപൂർണമായ കീഴ്‌വണക്കമാണത്. ആ കീഴ്‌വണക്കത്തിലേക്ക് – ഇസ്‌ലാമിലേക്ക് താങ്കളെ ക്ഷണിക്കുന്നു. നമ്മുടെ നിത്യജീവിതമായ പരലോക വിജയത്തിന്. പഠനത്തിന് ഇതൊരു നല്ല തുടക്കമാകട്ടെ എന്നാശംസിക്കുന്നു.

**കൂടുതൽ പഠിക്കാൻ**

WISDOM GLOBAL ISLAMIC MISSION

**9946168777, 9037503733**



# വിമോചനത്തിന്റെ വഴി

WISDOM GLOBAL ISLAMIC MISSION

സുഹൃത്തെ,

നാം ജീവിക്കുകയാണിവിടെ. ഒരു പാട് നാളുകളായിരിക്കുന്നു. കോടിക്കണക്കിന് മനുഷ്യരുണ്ട് ഈ ലോകത്ത്, ഒരു പാടു ജീവജാലങ്ങളും, അലംകൃതമായ ആകാശം, വിശാലമായ പരത്തപ്പെട്ട ഭൂമി, ഭൂമിയുടെ പതിമൂന്നര ലക്ഷം ഇരട്ടി വലുപ്പം വരുന്ന ജ്വലിക്കുന്ന സൂര്യൻ, ചലിക്കുന്ന ചന്ദ്രൻ, കറങ്ങുന്ന ഗ്രഹങ്ങൾ... ഇവയൊക്കെയും സ്വയം ഭൂവാണോ! അൽഭുതങ്ങളുടെ കലവറയായ ഈ പ്രപഞ്ചത്തിലെവിടെയും അതിന്റെ നിർമാതാവിന്റെ പേരെഴുതി വെച്ചിട്ടില്ല. എന്നാൽ ഇതിലെ സങ്കീർണതകൾ ഒക്കെയും ഇതിനൊരു നിർമാതാവ് ആവശ്യമാണ് എന്ന് പ്രഖ്യാപിക്കുന്നുണ്ട്. ഒരു അജയ്യനായ സ്രഷ്ടാവ്, ആരാണവൻ? ഖുർആൻ പരിചയപ്പെടുത്തുന്നു. ഒരോ വസ്തുവിനും അതിന്റെ പ്രകൃതം നൽക്കുകയും എന്നിട്ട് അതിന് വഴി കാണികുകയും ചെയ്തവനാകുന്നു ആ സ്രഷ്ടാവ്. (വിശുദ്ധ ഖുർആൻ 20:50)

സുഹൃത്തെ, ചിന്തിക്കുക, നാം എന്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്? തെറിച്ച് വീഴുന്ന ഒരു ദ്രാവകത്തിൽ നിന്ന്! മുതുകെല്ലിനും നെഞ്ചെല്ലുകൾക്കുമിടയിൽ നിന്ന് പുറപ്പെടുന്ന തെറിച്ച് വീഴുന്ന ഒരു ദ്രാവകത്തിൽ നിന്ന്! (വി. ഖു.86:6,7) എന്നിട്ട് നമുക്ക് നമ്മുടെ പൂർണരൂപം നൽകുകയും നമുക്ക് വേണ്ടതെല്ലാം ഇവിടെ സംവിധാനിച്ച് തന്നതും ആ സ്രഷ്ടാവാണ്. നമ്മെയും ഈ പ്രപഞ്ചത്തിലെ ചെറുതും വലുതുമായ എല്ലാ പ്രതിഭാസങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ഏകാസ്ഥിത്വത്തിന് അറബിയിൽ പറയുന്ന പേരാണ് അല്ലാഹു.

അല്ലാഹു, അവനിൽ വിശ്വസിക്കാത്തവനും വിശ്വസിക്കുന്നവർക്കും ഒരു പോലെ മഴ നൽകുന്നു, ഒരുപോലെ സൂര്യനുദിക്കുന്നു. വർഗീയതയില്ലാത്ത വിശാലമായ ദൈവകാരുണ്യം. ഇതിന് നാം നന്ദി കാണിക്കേണ്ടതില്ലേ? തീർച്ചയായും എണ്ണമറ്റ അനുഗ്രഹങ്ങൾ ജനിക്കും മുൻപേ ഒരുക്കി തന്ന, ഇപ്പോഴും തന്നുകൊണ്ടിരിക്കുന്ന സർവശക്തനോട് നന്ദി കാണിക്കേണ്ടതാണ്. എങ്ങനെയാണ് നാം നന്ദി കാണിക്കുക! നാം ആ സ്രഷ്ടാവിന് വഴങ്ങണം, അവനെ മാത്രം ആരാധിക്കണം, അവനോട് മാത്രം പ്രാർഥിക്കണം. സൃഷ്ടിച്ചു പരിപാലിക്കുന്ന ഒരേയൊരു ദൈവം മാത്രമാണ് ആരാധനക്കർഹൻ.

വിശുദ്ധ ഖുർആൻ പറയുന്നു: ജനങ്ങളെ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെനിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കാൻ വേണ്ടിയത്രെ അത്. നിങ്ങൾക്കു വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപ്പുരയുമാക്കി തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞ് തന്നിട്ട് അത് മുഖേനനിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപ്പാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ) അതിനാൽ ഇതെല്ലാം അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്. (വി.ഖു. 2:21,22).

എന്നാൽ നാം ഇന്ന് എന്തിന്റെ പുറകെയാണ്? നാം ആരോടാണ് പ്രാർഥിക്കുന്നത്? വിഗ്രഹങ്ങളോട്? ജീവിക്കുന്നവരും മരിച്ചവരുമായ ആൾ ദൈവങ്ങളോട്? പുണ്യാളന്മാർ, ഔലിയ, ബിവി, സിദ്ധൻ .....

പാടില്ലാ സുഹൃത്തെ, ഇവരൊക്കെയും ആ മഹാനായ സ്രഷ്ടാവിന്റെ സൃഷ്ടികൾ മാത്രം. ഇവരൊന്നിച്ച് കൂടിയാൽ പോലും ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കാൻ സാദ്ധ്യമല്ല. ഖുർആൻ പറയുന്നു. മനുഷ്യരെ ഒരു ഉദാരഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിനായി അവരെല്ലാവരും ഒത്ത് ചേർന്നാൽ പോലും ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് സാദ്ധ്യമല്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ (വി.ഖു. 22:73).

ആ സ്രഷ്ടാവിനോട് പ്രാർഥിക്കാനും അവനിലേക്കടുക്കുവാനും മധ്യവർത്തികൾ ആവശ്യമില്ല. ശുപാർശക്കാരും വേണ്ടതില്ല. എല്ലാവരെയും അറിയുന്നവനാണവൻ. മനസ്സിന്റെ മന്ത്രണങ്ങൾ അറിയുന്നവൻ! അല്ലാഹു വിശുദ്ധ ഖുർആനിലൂടെ പറയുന്നു: തീർച്ചയായും മനുഷ്യനെനാം സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നത് നാം അറിയുകയും ചെയ്യുന്നു. നാം (അവന്റെ) കണ്ഠനാഡിയേക്കാൾ അവനോട് അടുത്തവനും ആകുന്നു (വി. ഖു. 50:16)

അവന്റെ പേരിൽ നാം കലഹിക്കേണ്ടതില്ല. ഭിന്നിക്കേണ്ടതുമില്ല, നമുക്ക് ഒന്നിക്കാം. അതിനെന്താണ് മാർഗം? അവനെആരാധിക്കുക തന്നെ. സന്താനങ്ങളും പങ്കുകാരും ഇല്ലാത്ത സ്രഷ്ടാവിനോട് നേർക്ക് നേരെ നിന്ന് പ്രാർഥിക്കുക.

സുഹൃത്തെ, വ്യക്തമായ ഏക ദൈവാരാധനയിൽ നിന്നും മനുഷ്യൻ പിന്നോട്ട് പോയപ്പോളൊക്കെയും ഏക ദൈവവിശ്വാസത്തിലേക്ക് ആളുകളെ ക്ഷണിക്കാൻ അല്ലാഹു പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. ഇതിൽ അവസാനപ്രവാചകനാണ് മുഹമ്മദ് നബി (സ്വ). കാരുണ്യത്തിന്റെ പ്രവാചകൻ. ജീവിതത്തിൽ ഒരു കളവ് പോലും പറഞ്ഞിട്ടില്ല എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തിയ മഹത് വ്യക്തി.

നാല്പത് വയസ്സുവരെ ജനങ്ങൾക്കിടയിൽ സർവസമ്മതനും, വിശ്വസ്തനും, സർവാദരണീയനുമായ മുഹമ്മദ് നബി (സ), 40-ാം വയസ്സിൽ അദ്ദേഹത്തിന് പ്രവാചകത്വം കിട്ടിയത് മുതൽ ഏക ദൈവാരാധനയിലേക്ക് ജനങ്ങളെ ക്ഷണിച്ചതിന്റെ പേരിൽ, ബഹുദൈവാരാധകരിൽ നിന്നും കടുത്ത പീഢനങ്ങൾ അദ്ദേഹത്തിനും അനുയായികൾക്കും ഏറ്റ് വാങ്ങേണ്ടി വന്നു. ചരിത്രം സാക്ഷി.